ഭരണഭാഷ – മാതൃഭാഷ
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: pd.lsgd@kerala.gov.in

കേരള സർക്കാർ

നമ്പർ:LSGD/PD/4101/2025-GEA3 തീയതി: 09-04-2025

നോട്ടീസ്

വിഷയം: ത.സ്വ.ഭ.വ.-പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - മുൻ പഞ്ചായത്ത് വകുപ്പിലെ സീനിയർ ക്ലർക്ക് ശ്രീ.നജീബ്.ജെ-യുടെ സീനിയർ ക്ലർക്ക് തസ്തികയിലെ സീനിയോരിറ്റി പുന:ക്രമീകരിക്കുന്നത് - സംബന്ധിച്ച്

സൂചന:
1. തദ്ദേശസ്വയംഭരണ വകുപ്പ് തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 08.01.2025 ലെ LSGD/JD/TVM/ 10321/2024-H1 നമ്പർ കത്ത്.
2. പഞ്ചായത്ത് ഡയറക്ടറുടെ 23.05.2018-ലെ ഇ5.38675/2017 നമ്പർ ഉത്തരവ്.
3. പഞ്ചായത്ത് ഡയറക്ടറുടെ 13.11.2014-ലെ ഇ4-04/2014 നമ്പര് സ്ഥാനകയറ്റ ഉത്തരവ്.
4. പഞ്ചായത്ത് ഡയറക്ടറുടെ 13.06.2011-ലെ എസ്സ്.1-14444/2013 ഉത്തരവ്.

ഏകീകൃത തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ഭാഗമായ മുൻ പഞ്ചായത്ത് വകുപ്പിൽ Stop gap വ്യവസ്ഥയിൽ സീനിയർ ക്ലർക്ക് ആയിരുന്ന ശ്രീ.നജീബ്.ജെ-യുടെ സ്ഥാനക്കയറ്റം സൂചന(3) ഉത്തരവ് പ്രകാരം ടെസ്റ്റ് യോഗ്യത നേടിയ തിയതി പ്രാബല്യത്തിൽ ക്രമവല്ക്കരിച്ചിരുന്നു. ആയത് പ്രകാരം ശ്രീ.നജീബ്.ജെ-യെ സീനിയർ ക്ലർക്കുമാരുടെ സൂചന (2) സീനിയോറിറ്റി പട്ടികയിൽ ക്രമ നം.2932 ആയി ഉൾപ്പെടുത്തിയതിൽ അപാകതയുണ്ടെന്നും തെറ്റായ ഉദ്യോഗക്കയറ്റ തീയതിയും അപൂർണ്ണമായ ടെസ്റ്റ് യോഗ്യത വിവരങ്ങളും തിരുത്തി സീനിയോറിറ്റി പട്ടികയിലെ പിഴവ് പരിഹരിക്കണമെന്നും ആവശ്യപ്പെട്ട് സൂചന(1) പ്രകാരം ശ്രീ.നജീബ്.ജെ ഉചിതമാർഗ്ഗേണ അപേക്ഷ സമർപ്പിച്ചിരുന്നു.

കേരള പബ്ലിക്ക് കമ്മിഷന്റെ 17.11.2000-ലെ നിയമനശുപാർശ പ്രകാരമാണ് ശ്രീ.നജീബ്.ജെ പഞ്ചായത്ത് വകുപ്പിൽ ക്ലർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചത്. നിരീക്ഷണകാലം പൂർത്തീകരിക്കുന്നതിനു മുന്നേ ശൂന്യവേതനാവധിയിൽ പ്രവേശിച്ച ശ്രീ.നജീബ്.ജെ 22.07.2011-ലാണ് തിരികെ സേവനത്തിൽ പ്രവേശിച്ചത്. 22.07.2013-ൽ നിരീക്ഷണകാലം പൂർത്തീകരിക്കുകയും 01/2014-ൽ വകുപ്പുതല പരീക്ഷകൾ പാസ്സായി ഉദ്യോഗകയറ്റത്തിന് അർഹത നേടുകയും ചെയ്തു ടിയാൾക്ക് സൂചന (3) പ്രകാരമുള്ള സീനിയർ ക്ലർക്ക് തസ്തികയിലെ ക്രമവൽക്കരണം ടിയാൾ വകുപ്പുതല പരീക്ഷകൾ വിജയിച്ച ശേഷമുള്ള ആദ്യ ഉദ്യോഗക്കയറ്റ ഉത്തരവ് തീയതിയായ 15.02.2014 തീയതിയാണ് ലഭ്യമാകേണ്ടത്.

ക്ലർക്ക് തസ്തികയിൽ നിരീക്ഷണകാലം പൂർത്തീകരിക്കുന്നതിന് മുൻപ് ശൂന്യവേതനാവധിയിൽ പ്രവേശിച്ച ശ്രീ.നജീബ്.ജെ യുടെ ക്ലർക്ക് തസ്തികയിലെ സീനിയോറിറ്റി ടിയാൾ ശൂന്യവേതനാവധി കഴിഞ്ഞ് സേവനത്തിൽ പ്രവേശിച്ച 22.07.2011 അടിസ്ഥാനമാക്കിയാണ് നിർണ്ണയിക്കേണ്ടത്. ആയത് പ്രകാരം പുനർ നിർണ്ണയിക്കുമ്പോൾ ശ്രീ.നജീബ്.ജെ-യുടെ ക്ലർക്ക് തസ്തികയിലെ സ്ഥാനം

01.07.2008 മുതൽ 31.12.2011 വരെയുള്ള സൂചന (4) ക്ലർക്ക് സീനിയോറിറ്റി പട്ടികയിൽ ക്രമനം.1972A ആണ്. ആയതിന് അനുസൃതമായി സൂചന (2) പ്രകാരമുള്ള സീനിയർ ക്ലർക്ക് തസ്തികയുടെ സീനിയോറിറ്റി പട്ടികയിൽ ക്രമ നം. 2755 ശ്രീമതി.നിമിഷ.ഒ-യ്ക്കും (ക്ലർക്ക് സിനിയോറിറ്റി-1969), ക്രമ നം. 2756 ശ്രീ.കെ.ജയപ്രദീപിനും (ക്ലർക്ക് സീനിയോറിറ്റി- 1974) ഇടയിലായി ക്രമ നം. 2755A ആയി ശ്രീ.നജീബ്.ജെ-യെ താഴെ പറയും പ്രകാരം ഉൾപ്പെടുത്തിയും ടിയാൾ നിലവിൽ ഉൾപ്പെട്ടിട്ടുള്ള ക്രമനം.2932 DELETED എന്ന് രേഖപ്പെടുത്തിയും പുന:ക്രമീകരിക്കുന്നതിന് താത്കാലികമായി തീരുമാനിച്ചിട്ടുണ്ട്.

| Sl.No. | Name | DOB | Feeder Category No. | Test date | | Revised date of Promotion |
|---|---|---|---|---|---|---|
| | | | | A/T | P/T | |
| 2755A | Najeeb. J | 31.05.1971 | 1972 A | 01/2014 | 01/2013 | 15.12.2014 |

പ്രസ്തുത താത്കാലിക തീരുമാനത്തിൽ എന്തെങ്കിലും ആക്ഷേപമുള്ള ജീവനക്കാർ ഈ നോട്ടീസ് തീയതി മുതൽ 10 ദിവസത്തിനുള്ളിൽ രേഖാമൂലം ഉചിതമാർഗ്ഗേന ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത തീയതിയ്ക്കുള്ളിൽ ആക്ഷേപം ലഭിക്കാത്ത പക്ഷം മറ്റൊരു അറിയിപ്പ് കൂടാതെ പ്രസ്തുത താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Sonia Washington
SENIOR ADMINISTRATIVE OFFICER
പ്രിൻസിപ്പൽ ഡയറക്ടർക്കുവേണ്ടി

പകർപ്പ് :

1. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
2. ശ്രീ.നജീബ്(ജില്ലാ ജോയിന്റ് ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
3. സിസ്റ്റം സൂപ്പർവൈസർ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. കരുതൽ/അധികം

Signed by Harigopal N S
Date: 09-04-2025 11:39:45